(ബി) ഉപഭോക്തൃസംരക്ഷണ നിയമത്തിൽ കൺസ്യൂമർ സംഘടനകളുടെ പങ്ക് വ്യക്തമായി നിർവചിച്ചിട്ടില്ല. എന്നാൽ ഉപഭോക്തൃസംരക്ഷണ നിയമത്തിലെയും ചട്ടങ്ങളിലെയും ചില പരാമർശങ്ങളിൽനിന്നും ഉപഭോക്തൃസംരക്ഷണ പ്രവർത്തനങ്ങളാണ് കൺസ്യൂമർ സംഘടനകളുടെ പങ്ക് എന്നു പറയാം.

(സി)—(എഫ്) വിവരം ഉടനെ ശേഖരിച്ചു നൽകുന്നതാണ്.

ഗൈഡ്ലൈൻസ് അനുസരിച്ച് സാധനങ്ങൾ വാങ്ങുന്നതിന് നടപടി

67 [2817] *ശ്രീ. യു. സി. രാമൻ:*
,, *പി. കെ. കെ. ബാവ:*
,, *കളത്തിൽ അബ്ദുള്ള:*
,, *ഇസ്ഹാക് കുരിക്കൾ:*
,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന സ്റ്റോറുകളിലേക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള ഗൈഡ്ലൈൻ നൽകിയിട്ടുണ്ടോ;

(ബി) സാധനങ്ങൾ വാങ്ങുമ്പോഴും ഈ ഗൈഡ്ലൈൻ അനുസരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ;

(സി) ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാരെ എന്തെല്ലാം നടപടിക്ക് വിധേയരാകേണ്ടിവരും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമയാസമയങ്ങളിൽ ഡിപ്പോയിലേക്കും മറ്റു ജീവനക്കാർക്കും സ്റ്റോറുകളിലേക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ അതത് സമയങ്ങളിൽ വീഴ്ചയുടെ ഗൗരവം അനുസരിച്ച് ആവശ്യമായ ശിക്ഷാനടപടികൾ സ്വീകരിക്കും.

ടെണ്ടർ നിബന്ധനപ്രകാരമുള്ള സാധനങ്ങൾ വിതരണം ചെയ്യാത്ത സപ്ലൈയർമാർ

68 [2818] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly